**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 7** **01-02-2023 - ൽ മറുപടിയ്ക്ക്**

**ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കാനുദ്ദേശിക്കുന്ന നിർദ്ദിഷ്ട ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ; | (എ) | 1. 17.263 ഹെക്ടർ വനഭൂമിയുടെ ഫോറസ്റ്റ് ക്ലിയറൻസിനുള്ള അപേക്ഷ വനം വകുപ്പിന്റെ പരിഗണനയിലാണ്.<br>2. പദ്ധതിയുടെ സമഗ്രമായ പാരിസ്ഥിതിക ആഘാതപഠനം എസ്.പി.വി ആയ കെ.ആർസി.എൽ നടത്തിവരുന്നു. 2023 ജൂലൈയിൽ പഠനം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.<br>3. പദ്ധതിക്ക് ആവശ്യമായിവരുന്ന സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിന് പദ്ധതിയുടെ കോഴിക്കോട് ജില്ലയിൽപെടുന്നപ്രദേശത്തു (ആനക്കാംപൊയിൽ) Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 പ്രകാരം 11(1) വിജ്ഞാപനം പുറപ്പെട്ടുവിക്കുകയും റവന്യൂ വകുപ്പ് വിശദമായ മൂല്യനിർണ്ണയം നടത്തുകയും ചെയ്തു. വയനാട് ജില്ലയിൽപെടുന്ന (മേപ്പാടി) പ്രദേശത്ത് 11(1) വിജ്ഞാപനം പുറപ്പെടുവിക്കാനായുള്ള സർവ്വേ നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | കേന്ദ്ര വനം മന്ത്രാലയത്തിന്റെ അനുമതിയ്ക്കായി സമർപ്പിച്ച അപേക്ഷയുടെ സ്ഥിതി അറിയിക്കുമോ; | (ബി) | ഫോറെസ്റ്റ് ക്ലിയറൻസിനുള്ള അപേക്ഷയുടെ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം ബെംഗളൂരുവിലെ ഫോറെസ്റ്റ് റീജിയണൽ ഓഫീസിന് അനുമതിക്കായി സമർപ്പിക്കുന്നതാണ്. |
| (സി) | ഇത് സംബന്ധിച്ച പരിസ്ഥിതി ആഘാത പഠനത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ; | (സി) | സമഗ്രമായ പാരിസ്ഥിതിക ആഘാതപഠനം ജൂലൈ 2023-ൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ? | (ഡി) | ഭൂമി ഏറ്റെടുക്കലും നിയമപരമായ അനുമതികളും (വനം, പാരിസ്ഥിതിക) ലഭിച്ചാലുടൻ പദ്ധതിയുടെ നിർമ്മാണം ആരംഭിക്കും. |

സെക്ഷൻ ഓഫീസർ